## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1552 | 11/2/2013 ൽ മറുപടിയ്ക്ക്

## മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവി

**ചോദ്യം**

ശ്രീ. പാലോട് രവി
ശ്രീ. സണ്ണി ജോസഫ്
ശ്രീ. പി.സി. വിഷ്ണുനാഥ്
ശ്രീ. വി.പി. സജീന്ദ്രൻ

**മറുപടി**

ശ്രീ. കെ.സി. ജോസഫ്
(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| (എ) | മലയാളത്തിന് ക്ലാസിക്കൽ പദവി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) | മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ പദവി നൽകണമെന്ന ആവശ്യം ഉന്നയിച്ച് ഇതിനായി രൂപീകരിച്ച ഉപദേശക സമിതിയുടെ റിപ്പോർട്ട് സഹിതം 15/01/2011 ൽ ബഹു: പ്രധാനമന്ത്രിക്ക് നേരിട്ട് ഒരു നിവേദനം സമർപ്പിച്ചിരുന്നു. ശ്രേഷ്ഠ ഭാഷാ പദവി ലഭിക്കുന്നതിനുള്ള എല്ലാ അർഹതകളും മലയാളത്തിന് ഉണ്ടെന്ന് തെളിവ് സഹിതം ഈ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ സമർപ്പിച്ച ഈ റിപ്പോർട്ട് കേന്ദ്ര സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിച്ചാണ് അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത് . എന്നാൽ ഈ സമിതി (കേന്ദ്ര സാഹിത്യ അക്കാഡമിയുടെ കൗൺസിൽ ഓഫ് ലാംഗ്വേജസ്) ശ്രേഷ്ഠ പദവി ലഭിക്കുന്നതിന് ആവശ്യമായ പഴക്കം മലയാളഭാഷയ്ക്ക് ഇല്ലായെന്ന നിഗമനം സ്വീകരിച്ചതായി അറിഞ്ഞതിനെത്തുടർന്ന് ആയത് സമഗ്രമായ പരിശോധനയുടെ അഭാവത്തിലാണ് എന്ന് സർക്കാർ മനസ്സിലാക്കുകയും ശ്രേഷ്ഠ ഭാഷാ പദവിക്കായി സംസ്ഥാനത്തിന്റെ വാദഗതികൾ അവതരിപ്പിക്കാൻ വീണ്ടും അവസരം നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. കൂടാതെ ഇക്കാര്യം സർക്കാരിന്റെ ഉന്നതതലത്തിൽ ചർച്ച ചെയ്ത ശേഷം ബഹു: മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2012 ജൂലായിൽ മന്ത്രിതല സംഘം ബഹു: പ്രധാനമന്ത്രിക്ക് നേരിട്ട് നിവേദനം |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുകയും ചെയ്യു. കേന്ദ്ര സാഹിത്യ അക്കാഡമിയുടെ സമിതി ഈ വിഷയം വീണ്ടും പരിഗണനയ്ക്കെടുത്തപ്പോൾ, സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തത് മലയാളം സർവ്വകലാശാല വൈസ് ചാൻസലർ ശ്രീ. കെ. ജയകുമാർ , ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ , ഡോ.ബി. ഗോപിനാഥൻ നായർ എന്നിവരാണ്. മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി നൽകണമെന്ന് സമിതി കേന്ദ്രഗവൺമെന്റിന് ശുപാർശ നൽകിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച ഔദ്യോഗിക അറിയിപ്പുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |
| (ബി) | ഇത് സംബന്ധിച്ച് കേന്ദ്ര സാഹിത്യ അക്കാഡമി വിദഗ്ദ്ധ സമിതി രൂപവൽക്കരിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | സമിതി മുൻപാകെ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് |
| (സി) | സംസ്ഥാനത്തിന്റെ അഭിപ്രായങ്ങൾ കേൾക്കാൻ കേന്ദ്ര സമിതി സമ്മതിച്ചിട്ടുണ്ടോ; | | |
| (ഡി) | ക്ലാസിക്കൽ പദവി ലഭിക്കുന്നതിന് എന്തെല്ലാം വാദങ്ങളാണ് സംസ്ഥാനം ഉന്നയിക്കാനുദ്ദേശിക്കുന്നത്;വിശദമാക്കുമോ; | (ഡി) | മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ പദവി നൽകണമെന്ന ആവശ്യം ഉന്നയിച്ച് ഇതിനായി രൂപീകരിച്ച ഉപദേശക സമിതിയുടെ റിപ്പോർട്ടിൽ ശ്രേഷ്ഠ ഭാഷാ പദവി ലഭിക്കുന്നതിനുള്ള എല്ലാ അർഹതകളും മലയാളത്തിന് ഉണ്ടെന്ന് തെളിവ് സഹിതം വ്യക്തമാക്കിയിട്ടുണ്ട്. ഒരു ഭാഷയ്ക്ക് ചുരുങ്ങിയത് 1500 വർഷത്തെ പഴക്കം വേണമെന്നതാണ് ഇതിനായുള്ള മാനദണ്ഡം. മലയാളത്തിന് 2300 വർഷത്തെ പഴക്കമുണ്ടെന്ന് മേൽപ്പറഞ്ഞ റിപ്പോർട്ടിൽ തെളിവ് സഹിതം വ്യക്തമാക്കിയിട്ടുണ്ട്. |
| (ഇ) | കേന്ദ്ര സമിതി മുമ്പാകെ വാദം അവതരിപ്പിക്കുന്നത് ആരെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം? | (ഇ) | കേന്ദ്ര സാഹിത്യ അക്കാഡമിയുടെ സമിതി മുൻപാകെ കേരളത്തിന്റെ വാദം അവതരിപ്പിക്കുവാൻ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തത് മലയാളം സർവ്വകലാശാല വൈസ് ചാൻസലർ ശ്രീ. കെ. ജയകുമാർ, ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ , ഡോ. ബി. ഗോപിനാഥൻ നായർ എന്നിവരാണ്. കൂടാതെ പ്രത്യേക ക്ഷണിതാവായി പ്രൊഫ: എം.ജി.എസ്. നാരായണനും പങ്കെടുത്തിരുന്നു. |

Sheela M

സെക്ഷൻ ഓഫീസർ